ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവക്ക് ഓരോരുത്തക്കും എത്ര ഏക്കർ വീതം കൊടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: ൪ ഏക്കർ സ്ഥലം വീതം.

ശ്രീ. കെ. ആർ. ഇലങ്കത്ത്: റാന്നിയിൽ ൪ ൦ ൦ ഏക്കർ സ്ഥലം പൊതു ജനങ്ങൾക്ക കൊടുക്കുവാനായി നീക്കിവച്ചിട്ടുള്ളതിൽ എത്ര ശതമാനം ഹരിജനങ്ങൾക്ക കൊടുക്കുവാനായി നീക്കിവച്ചിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ശതമാനക്കണക്കിനല്ല നീക്കി വച്ചുമ ട്ടുള്ളത്.

ശ്രീ. സി. സി. പ്രസാദ്: റാന്നിയിൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് അ പേക്ഷ അയച്ചിട്ടുള്ള ഹരിജനങ്ങളിൽ ആരെങ്കിലും ഇപ്പോൾ ജീവിച്ചിരി പ്പുണ്ടോ?

Mr. Speaker: That question does not arise.

ശ്രീ. എം. ഐ. പാൽ: റാന്നിയിലും മറ്റും ഭൂമി പതിച്ചുകൊടുക്കുന്ന കാ ര്യത്തിൽ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരാതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടി ട്ടില്ല.

ശ്രീ. എം. ഐ. പാൽ: മാർച്ച് ൧൩-ാംതീയതിയിലെ 'ദീപിക' പത്രത്തിൽ ഇ തിനെ സംബന്ധിച്ചു പരാതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരം അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രം ഞാൻ വായിച്ചിട്ടില്ല.

ശ്രീ. എം. ഐ. പാൽ: ഭൂമി പതിവിനെ സംബന്ധിച്ച് ചില അക്രി ത്യങ്ങൾ കാണിച്ചിട്ടുള്ളതായി മുൻമന്ത്രി ശ്രീമതി ആനിമസ്ക്രീൻ അവരുടെ ബ ഡ്ജറ്റ നിരൂപണ പ്രസംഗത്തിൽ പറഞ്ഞ വിവരം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Mr. Speaker: That is disallowed.

ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള: ഭൂമിപതിവിനെ സംബന്ധിച്ചു പിന്നോക്ക സമുദായ സംരക്ഷകനാണ് എന്തെങ്കിലും താക്കീതു നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ എം. ഐ. പാൽ: കഴിഞ്ഞ ബഡ്ജറ്റ സമ്മേളനത്തിൽ ഞാൻ ചോ ദ്യത്തിനു അനുസരിച്ചു ഞാൻ ഉന്നയിച്ച പ്രശ്നത്തിന്റെ വാദപ്രതിവാദം നടന്ന അവസര ത്തിൽ മന്ത്രിസ്ഥാനത്തുനിന്നും നൽകിയ മറുപടി ഇപ്പോൾ ഓർമ്മിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സ്ഥലവും ഈ സ്ഥലവും തമ്മിൽ വ്യ ത്യാസം ഉണ്ട്. റാന്നിയിൽ ഏതെങ്കിലും വ്യക്തിക്കോ, വ്യക്തിസമൂഹത്തിനോ ഭൂമി അലോട്ടുചെയ്തിട്ടില്ല.

ബസ്സ് റൂട്ടുകൾ

* ൭൫൭. (൧൦) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽ കുമോ—

(എ) ഫൈൻ ആർട്സ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിന്റെ പുതിയ ബസ്സ് റൂട്ടുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റൂട്ടുകൾ ഏതെല്ലാം സ്ഥലങ്ങളിൽ ആയിരിക്കും;

(സി) പുതിയ റൂട്ടുകൾ പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത് ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഏയുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രൈവറ്റ സർവ്വീസു കാടിക്കൊണ്ടിരിക്കുന്ന മിക്കവാറും എല്ലാ വീടുകളിലും സ്റ്റോവ് ടാൻസ്ലോട്ട് സർവ്വീസു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ആർ. കെ. രാമ: പ്രൈവറ്റ് പബ്ലിക് ഓടും സ്കൂട്ടുകളിൽ ഏതാവതു കാര്യങ്ങളിൽ competition അനുവദിക്കപ്പെട്ടിരുക്കിറതാ?

ശ്രീ. ടി. കെ. നാരായണപിള്ള: കാമ്പറീഷൻ ഉണ്ട്. നാഷനലൈസ് ചെയ്യപ്പെട്ട ഇല്ലാത്ത സ്ഥലത്തു മിക്കവാറും കാമ്പറീഷൻ ഉണ്ട്.

ശ്രീ. ആർ. കെ. രാമ: അതിനെല്ലാം stay order പോട്ടിരുക്കിറതു മന്ത്രി അവർകളുക്കുത് തെരിയുമാ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്റ്റേ ഓർഡർ പലതിലും ഉണ്ട്.

നൂൽവിതരണം

* ൭൫൮. (൨൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

പുതിയ നൂൽകൺട്രോൾ ഏർപ്പെടുത്തിയതിനുശേഷം ൧൯൬൨-൬൩-നു് മുമ്പു് ചെറിയഴീക്കലും, പുത്തൻതുറയും മത്സ്യവ്യവസായികൾക്കു് എത്ര പ്രാവശ്യം നൂൽവിതരണം നടത്തി; അതേ താലൂക്കിലുള്ള നീണ്ടകര, കരിത്തുറ എന്നീ സ്ഥലങ്ങളിലുള്ളവക്കു് എത്ര പ്രാവശ്യം വിതരണം നടത്തി?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൧൯൬൨—൬൩-നു് മുൻപു് ചെറിയഴീക്കലും, പുത്തൻതുറയും രണ്ടു പ്രാവശ്യവും നീണ്ടകരയും, കരിത്തുറയും ഒരു പ്രാവശ്യവും നൂൽ വിതരണം നടത്തിയിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഒരു പ്രാവശ്യം എന്നു പറഞ്ഞതു് ഏതു് തീയതിയിലാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഫെബ്രുവരി മാസത്തിലാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഞാൻ ചോദിച്ചിരിക്കുന്നതു് ൧൯൬൨ ജനുവരി ൧൬—൨൦-നു-യിലേതാണു്. അതിനു് മുൻപു് കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് മുൻപും കൊടുത്തിട്ടുണ്ടു്. ഡിസംബറിലും ജനുവരിയിലും കൊടുത്തിട്ടുണ്ടു്.

പരീക്ഷച്ചെലവു് കുടിശ്ശിക

* ൭൫൯. (൨൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൬൩ മാർച്ചിലെ ഈ. എസ്സ്. എൽ. സി. പരീക്ഷ നടത്തിയ വകയിൽ എത്തെല്ലാം സെൻറുകളിലെ ചെലവുകൾ ഇനിയും കൊടുത്തുതീർക്കുവാനുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly